55846
30/8/13

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"** വിതരണത്തിന് തെരഞ്ഞെടുത്ത ഭൂമിയിലെ മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**റവന്യൂ(എ) വകുപ്പ്**

സ.ഉ. (കൈ.) നം. 346/ 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 21.08.2013

==========================================================

പരാമർശം : ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 25.07.2013 ലെ എൽ ആർ (ജെ)10-29572/2013 നമ്പർ കത്ത്.

**ഉത്തരവ്**

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - 2015".** ആദ്യഘട്ടമെന്ന നിലയിൽ ഒരുലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

(2) പ്രസ്തുത പദ്ധതിയിൽ പട്ടയ വിതരണത്തിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ, മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ തിരിക്കുന്നതിനും പ്ലോട്ടുകളിൽ സൗകര്യപ്രദമായി വീട് വയ്ക്കുന്നതിനും തടസ്സമാകുമെന്ന് പരാമർശം പ്രകാരം ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" അറിയിച്ചിട്ടുണ്ട്. ഭൂമി പതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരം വിലപിടിപ്പുള്ള മരങ്ങൾ സംരക്ഷിക്കേണ്ടതുണ്ടെങ്കിലും, മരങ്ങൾ പൂർണ്ണമായി സംരക്ഷിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്ന പക്ഷം പ്ലോട്ടുകളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകുമെന്ന് കാണുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"**- ലെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുമ്പോൾ പ്രസ്തുത ഭൂമിയിലെ മരങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) വിലപിടിപ്പുള്ളതും സംരക്ഷിക്കേണ്ടതുമായ മരങ്ങൾ നിൽക്കുന്ന ഭാഗങ്ങൾ പ്രത്യേക സബ്ഡിവിഷൻ നൽകി പദ്ധതിയിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്തേണ്ടതാണ്.

(ii) മരങ്ങൾ മുറിക്കുന്നത് പരമാവധി ഒഴിവാക്കി മൂന്ന് സെന്റ് പ്ലോട്ടുകൾ തിരിക്കേണ്ടതും അഥവാ മരങ്ങൾ മുറിക്കേണ്ടിവന്നാൽ പ്ലോട്ടുകളുടെ അതിർത്തികളിൽ വരുന്നവ മാത്രം മുറിക്കേണ്ടതുമാണ്. ഇപ്രകാരം മുറിച്ചു മാറ്റുന്ന മരങ്ങൾ പരസ്യമായി ലേലം ചെയ്ത് വിൽക്കേണ്ടതാണ്.

(iii) പ്ലോട്ടുകളുടെ എണ്ണത്തിൽ കുറവ് വരാതെ, സംരക്ഷിക്കേണ്ട മരങ്ങൾ നില്ക്കുന്ന ഭൂമികൾ പരമാവധി പതിവ് നടപടിയിൽ നിന്നും ഒഴിവാക്കി സർക്കാർ ഉടമസ്ഥതയിൽ തന്നെ സംരക്ഷിക്കേണ്ടതാണ്.

(iv) അതാത് പ്രദേശങ്ങളിലെ റവന്യൂ, സർവ്വേ അധികാരികൾ കൂട്ടായി ചർച്ച ചെയ്ത് ശാസ്ത്രീയമായ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യേണ്ടതാണ്.

(4) ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015", ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കാർഡ്സ് എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.ജെ മാത്യു**
**സെക്രട്ടറി**

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, സീറോ ലാന്റ് ലെസ് പ്രോജക്ട്, തിരുവനന്തപുരം.
3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ